132792/2020/FLR
Pl. communicate copies to all suboffices, website etc.

Kerala Gazette No. 50 dated 17th December 2019.

PART I

| | |
|---|---|
| PCCF(FL&R) | |
| APCCF(FL&R) | |
| DCF (P) | 21/1/2020 |
| DCF (FR) | |
| Sr.A.A | |
| S.S | |
| Section | |

# കേരള സർക്കാർ

## സംഗ്രഹം

ചന്ദനവെള്ള ചിപ്സ് നശിപ്പിക്കുന്നത് സംബന്ധിച്ച ഭാഗം നീക്കം ചെയ്ത് ഫോറസ്റ്റ് കോഡ് വാല്യം III അനുബന്ധം VI ഖണ്ഡിക 26 (2) ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (ബി) വകുപ്പ്

സ. ഉ. (കൈ) നമ്പർ 28/2019/വനം. തീയതി, തിരുവനന്തപുരം, 2019 ഒക്ടോബർ 24.

പരാമർശം:—(1) 26-4-2013-ലെ സ. ഉ. (എം.എസ്) നമ്പർ 47/2013/വനം നമ്പർ സർക്കാർ ഉത്തരവ്.

(2) 31-12-2016-ലെ സ. ഉ. (എം.എസ്) നമ്പർ 51/2016/വനം നമ്പർ സർക്കാർ ഉത്തരവ്.

(3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ 1-12-2018-ാം തീയതിയിലെ പ്രൊ.(5)4633/2016-ാം നമ്പർ കത്ത്.

### ഉത്തരവ്

കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI-ലെ ഖണ്ഡിക 28 പ്രകാരം ചന്ദന തടിയെ 13 ആയി തരം തിരിച്ചിട്ടുണ്ട്. പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സാൻഡൽ വുഡ് ബില്ലറ്റിനെ നിലവിലുള്ള ക്ലാസിഫിക്കേഷനോടൊപ്പം 14-ാമത് ഇനമായി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്. പരാമർശം (2)-ലെ ഉത്തരവ് പ്രകാരം കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI-ലെ ഖണ്ഡിക 28-ൽ 15-ാമത് ഇനമായി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്.

G. 71/2019/DTP.

(2) സാധാരണഗതിയിൽ തൊലിയോടുകൂടിയാണ് ചന്ദനവെള്ള ചിപ്സ് തടികളിൽ നിന്നും നീക്കം ചെയ്യാറുള്ളത്. ഇപ്രകാരം നീക്കം ചെയ്യുന്ന ചന്ദനവെള്ള ചിപ്സ് കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI-ലെ ഖണ്ഡിക 28 പ്രകാരമുള്ള ഇനങ്ങൾ വേർതിരിച്ച ശേഷമുള്ള ഉപോൽപ്പന്നമെന്ന നിലയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഗസറ്റഡ് ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ നശിപ്പിച്ചു കളയാനാണ് ഫോറസ്റ്റ് കോഡിൽ നിഷ്കർഷിച്ചിട്ടുള്ളത്. ചന്ദനവെള്ള ചിപ്സിനെ ചന്ദന ക്ലാസ്സിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, ചന്ദനവെള്ള നശിപ്പിക്കുന്ന നടപടി പ്രതിപാദിക്കുന്ന ഭാഗം ഒഴിവാക്കാവുന്നതാണ്. ചന്ദനവെള്ള ചിപ്സ് നശിപ്പിക്കുന്നത് സംബന്ധിച്ച ഭാഗം നീക്കം ചെയ്ത് ഫോറസ്റ്റ് കോഡ് വാല്യം III അനുബന്ധം VI ഖണ്ഡിക 26 (2)-ൽ ഭേദഗതി വരുത്തണമെന്നും, പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) ശുപാർശ സമർപ്പിച്ചിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI-ലെ ഖണ്ഡിക 26 (2)-ൽ "The sapwood chips obtained from each consignment should be collected & sorted separately till they are inspected and destroyed by the Divisional Forest Officer or his Gazetted Assistant" എന്ന ഭാഗം നീക്കം ചെയ്ത് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സുല്ഫിക്കർ റഹ്മാന്, എ.,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), തിരുവനന്തപുരം

എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് മുഖേന)

നിയമ (ഉപദേശം ഡി) വകുപ്പ് (നമ്പർ 7782/ഉപദേശം ഡി2/2019 നിയമം പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.